പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244 **12-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആശുപത്രി കെട്ടിടനിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

മറുപടി: ചാലക്കുടി മണ്ഡലത്തിലെ പത്മഭൂഷൺ വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക 50 ബെഡ് ആയുഷ് ആശുപത്രി കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ പദ്ധതി Defect Liability Period (DLP)-ൽ ആണ്. DLP കാലയളവിൽ കണ്ടെത്തിയ ചില അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ HITES മുഖേന കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒന്നാം ഘട്ടത്തിലെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ആശുപത്രിയുടെ മുൻവശത്തെ പ്രവേശന സൗകര്യം, STP, Retaining Wall, Parking Area, Yard Tiling തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ ഭൂമി/സ്ഥല ലഭ്യത സംബന്ധമായ വിഷയങ്ങൾ മൂലം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇവ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ₹4.65 കോടി രൂപയുടെ ഭരണാനുമതി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഉൾപ്പെടെയുള്ള സ്ഥലലഭ്യത സംബന്ധിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിനായി ചാലക്കുടി നഗരസഭയുമായും ബന്ധപ്പെട്ട മറ്റ് അധികാരികളുമായും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

മറുപടി: ഒന്നാം ഘട്ട കെട്ടിട നിർമ്മാണ പ്രവൃത്തികൾ 100% പൂർത്തിയായിട്ടുണ്ട്. എന്നിരുന്നാലും DLP കാലയളവിൽ കണ്ടെത്തിയ നിർമ്മാണ അപാകതകൾ

പരിഹരിക്കാനുണ്ട്. ഇതിൽ വെള്ളം ചോർച്ച, ഭിത്തികളിലെ വിള്ളലുകൾ, അലൂമിനിയം ജനൽ ലോക്കുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയവ ഉൾപ്പെടുന്നു.

രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

അവശേഷിക്കുന്ന പ്രധാന പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

1. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം
2. റിട്ടെയിനിംഗ് വാൾ നിർമ്മാണം
3. പാർക്കിംഗ് ഏരിയ ക്രമീകരണം
4. യാർഡ് ടൈലിംഗ് പ്രവൃത്തികൾ
5. ആശുപത്രിയുടെ മുൻവശത്തെ പ്രവേശന സൗകര്യവും ഫ്രണ്ട് യാർഡ് വികസനവും

(സി) ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും ഇതിനാവശ്യമായ റഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ?

<u>മറുപടി:</u> ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായി സജ്ജീകരിച്ചുവരുന്നു. നിലവിൽ രണ്ട് മെഡിക്കൽ ഓഫീസർമാരെയും രണ്ട് സുരക്ഷാ ജീവനക്കാരെയും താൽക്കാലികമായി നിയോഗിക്കുകയും, ആവശ്യമായ ലാബ് ഉപകരണങ്ങളും X-Ray മെഷീനും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി സജ്ജമാകുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആശുപത്രിക്കായി സൂപ്രണ്ട്, മെഡിക്കൽ ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ